കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയബാധിതരിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് 15.02.2019 വരെ ഉപജീവന കിറ്റുകൾ വിതരണം ചെയ്യ വകയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് (സപ്ലൈകോ ) നൽകുവാൻ അവശേഷിക്കുന്ന 11,72,87,500 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.( കൈ) നം: 188 /2019 /റവ. തിരുവനന്തപുരം, തീയതി,. 18.06.2019

---

പരാമർശം 1. 22.03.2019 ലെ സ.ഉ.( കൈ) നം: 110 /2019 /റവ.
2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 29.03.2019 ലെ എം2-21210/2018(4) നം.കത്ത്

ഉത്തരവ്

പ്രളയബാധിതരിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് 31/12/2018 വരെ ഉപജീവന കിറ്റുകൾ വിതരണം ചെയ്യ വകയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് (സപ്ലൈ കോ ) ചെലവായ 42.73 കോടി രൂപ പരാമർശം (1 ) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 15.02.2019 വരെ ഉപജീവന കിറ്റുകൾ വിതരണം ചെയ്യുവെന്നും ടി വകയിൽ ഇനി 11,72,87,500 രൂപ കൂടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിക്കാനുണ്ടെന്നും അവശേഷിക്കുന്ന ടി തുക അനുവദിക്കണമെന്നും പരാമർശം (2 ) പ്രകാരം സപ്ലൈ കോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ വിഷയം പരിശോധിച്ച പ്രളയബാധിതരിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് 15.02.2019 വരെ ഉപജീവന കിറ്റുകൾ വിതരണം ചെയ്യ വകയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് (സപ്ലൈ കോ ) നൽകുവാൻ അവശേഷിക്കുന്ന 11,72,87,500 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 11,72,87,500 രൂപ ( പതിനൊന്ന് കോടി എഴുപത്തി രണ്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം ) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ടിൽ നിന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോയ്ക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു.വി.
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈ കോ) .
പി.ബി.നമ്പർ 2030, മാവേലി ഭവൻ, ഗാന്ധി നഗർ, കൊച്ചി, 682020.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്

Scanned by CamScanner

ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പ് ( File No. 2885392/ഡി2/18/F&SD പ്രകാരം )
റവന്യൂ (ഡിആർഎഫ്-ബി/സി ) വകുപ്പ്
ദുരന്ത നിവാരണ ( എ) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner